(ബി) ഉരുൾപൊട്ടൽമൂലം റോഡ് ഗതാഗതത്തിന് വന്ന തടസ്സം നീക്കുവാനും താൽക്കാലികമായി ഗതാഗതം പുനരാരംഭിക്കുവാനുമായി 5,59,441 രൂപയുടെ അറ്റകുറ്റപ്പണികൾ നടത്തിയിട്ടുണ്ട്.

എരഞ്ഞിക്കൽ പാലം

374 [705] ശ്രീ. എ.സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽപ്പെട്ട പുതിയങ്ങാടി– ഉള്ളിയേരി റോഡിലുള്ള എരഞ്ഞിക്കൽ പാലത്തിന്റെ അപായസ്ഥിതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ പാലം പുതുക്കിപ്പണിയുവാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചുവോ?

(സി) ഈ പാലം പുതുക്കിപ്പണിയുമ്പോൾ നിർമ്മിക്കപ്പെടേണ്ടുന്ന അപ്രോച്ച് റോഡിന്റെ അലൈൻമെന്റ് അവസാനമായി തീരുമാനിച്ചു കഴിഞ്ഞുവോ;

(ഡി) തീരുമാനിച്ചു കഴിഞ്ഞുവെങ്കിൽ ഇന്നുള്ള റോഡിന്റെ ഏതുഭാഗത്തുകൂടിയാണിതെന്നു വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പാലം അപകടാവസ്ഥയിലായിട്ടില്ല.

(ബി) പ്രസ്തുത നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) 1982–ൽ അംഗീകരിച്ചു.

(ഡി) അംഗീകരിച്ച അലൈൻമെന്റനുസരിച്ച് നിലവിലുള്ള പാലത്തിന്റെ 70 മീറ്റർ പടിഞ്ഞാറായാണ് പുതിയ പാലത്തിന്റെ അപ്രോച്ച് റോഡ്.

ചടച്ചി–മാർത്താണ്ഡൻ പാലം

375 [706] ശ്രീ. എസ്.ആർ. തങ്കരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉപമുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറിൻകര നിയോജകമണ്ഡലത്തിൽ പെരുങ്കടവിള പഞ്ചായത്തിലെ– ചടച്ചി മാർത്താണ്ഡൻ പാലം അതിന്റെ അടിയന്തിര പ്രാധാന്യം കണക്കിലെടുത്ത് ടെണ്ടർ തന്ന ആളിനെക്കൊണ്ട് എഗ്രിമെന്റ് വെപ്പിച്ച് പണി തുടങ്ങുന്നതിന് വേണ്ട നടപടി സ്വീകരിക്കാമോ?

(ബി) പ്രസ്തുത പാലത്തിന്റെ ടെണ്ടർകാരൻ പ്രവൃത്തി പണി തുടങ്ങിയിട്ടുണ്ടോ?

ഉത്തരം

(എ) സാമ്പത്തിക പരിമിതികൾ കാരണം പണി ഉടനെ തുടങ്ങുവാൻ ബുദ്ധിമുട്ടുണ്ട്.

(ബി) എഗ്രിമെന്റ് വ്യവസ്ഥയുടെ സാങ്കേതികത്വത്തിൽ ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly